**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 177 **07.03.2018- ൽ മറുപടിയ്ക്ക്**

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും

ചോദ്യം

ശ്രീ.സി.മമ്മൂട്ടി
ശ്രീ.എൻ.എ. നെല്ലിക്കുന്ന്
ശ്രീ.പി.ബി അബ്ദുൽ റസ്സാക്ക്
ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് കേന്ദ്ര സർക്കാർ സഹായധനം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേകമായി സഹായധനം ലഭിച്ചിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാസർഗോഡ് ജില്ലയിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾക്കായി 483 കോടി രൂപയുടെ പ്രൊപ്പോസൽ 2012-ൽ കേന്ദ്ര ധന സഹായത്തിനായി സമർപ്പിച്ചിരുന്നു. തുടർന്ന് ഇക്കാര്യം വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രത്യേകമായി അനുമല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ 17.2.2018-ൽ വീണ്ടും ബഹു. പ്രധാന മന്ത്രിയ്ക്ക് കത്തയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ, ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും ബഹു.സുപ്രീം കോടതിയുടെയും നിർദ്ദേശാനുസരണം നഷ്ടപരിഹാരം നൽകുന്നതു വഴി സംസ്ഥാനത്തിനു 349 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടെന്നും ഇതിൽ 161 കോടി രൂപ ഇതിനകം നൽകി |
| (ബി) | കേന്ദ്ര സഹായത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ടെന്നും ദുരിതബാധിതർക്ക് പെൻഷൻ നൽകാനായി പ്രതിവർഷം 10.32 കോടി രൂപ ചെലവ് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന്റെയും, അഞ്ചുവർഷത്തെ പെൻഷന് ചെലവഴിക്കുന്ന തുകയുടെയും കൂടി 50 ശതമാനമായ 200.30 കോടി രൂപയെങ്കിലും കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 2012 മുതൽ NHM ന്റെ കീഴിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസം, അമ്മമാർക്കുള്ള കൗൺസലിംഗ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ചുനൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) | അർഹതയുണ്ടായിട്ടും ദുരിതാശ്വാസ സഹായ പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെടാത്തവർ അടുത്ത കാലത്ത് സെക്രട്ടേറിയറ്റ് മുമ്പാകെ നടത്തിയ സമരത്തെ തുടർന്ന് സമരക്കാർക്ക് നൽകിയ ഉറപ്പുകളിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്; | (സി) & (ഡി) | സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് വഴിയാണ് കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം ദുരിതബാധിതരെ കണ്ടെത്തുന്നത്. പ്രസ്തുത മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് എല്ലാവർക്കും അവസരം നൽകുന്നുണ്ട്. ഇനിയും പട്ടികയിൽ ഉൾപ്പെടാത്തവർ ഉണ്ടോ എന്നുള്ള വിവരങ്ങൾ മെഡിക്കൽ ക്യാമ്പിലൂടെ മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. അർഹരായവർക്ക് അർഹമായ സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | ഇനിയും നടപ്പിലാക്കാനുള്ളവ അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ